**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3842** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ അമിത വേഗത തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സിസ്റ്റം നിലവിലുണ്ട്. കൂടാതെ, സംസ്ഥാനത്തുടനീളം 726 AI ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരക്കുള്ള നിരത്തിൽ സ്പീഡ് ബ്രേക്കർ/ബാരിയർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് വിഭാഗം നിരത്തിൽ കർശനമായ പരിശോധന നടത്തി വരുന്നു. ഈ നടപടികൾ അമിതവേഗത തടയുന്നതിന് പര്യാപ്തമാണ്.<br><br>കെ.എസ്.ആർ.ടി.സി. ബസുകളിൽ BS III കാറ്റഗറി വരെയുള്ളവയിൽ Separate Speed limiting device - ഉം BS IV മുതലുള്ള വാഹനങ്ങളിൽ Engine ECU (Electronic Control Unit) മുഖാന്തിരം Speed limit ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കാതടപ്പിക്കുന്ന ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കാതടപ്പിക്കുന്ന ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പിടിച്ചെടുക്കുകയും അനധികൃത ഫിറ്റിംഗ്സ് അഴിച്ചുമാറ്റിക്കുകയും പിഴ അടപ്പിക്കുകയും ചെയ്തുവരുന്നു. ഇതു സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 24/10/24 മുതൽ 30/10/24 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 93 വാഹനങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്.<br><br>വാഹനത്തിന്റെ മുന്നിലേക്കും പിന്നിലേക്കും നിറമുള്ള ലൈറ്റുകൾ അനധികൃതമായി ഉപയോഗിച്ചതിന് 2025 ജനുവരി 1 മുതൽ 2025 സെപ്റ്റംബർ 25 വരെയുള്ള കാലയളവിൽ 13661 വാഹനങ്ങളിൽ നിന്നും 19,86,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന വാഹന ഉടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന വാഹന ഉടമകൾക്കും ഡ്രൈവർമാർക്കും എതിരെ കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് പിഴ ഈടാക്കുകയും ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും അവർക്ക് മോട്ടോർ വാഹന നിയമത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്സും നൽകിവരുന്നു.<br><br>നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ